ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ബഹുമാനപ്പെട്ട മെമ്പർ ഈ നിയമസഭയിലെ ഏറ്റവും സീനിയറായിട്ടുള്ള മെമ്പറാണ്. ഞാൻ പറയുന്ന കാര്യങ്ങൾ അടിവരയിട്ട് അങ്ങ് മനസ്സിലാക്കുകയും അതിന് വേണ്ട സ്ഥലത്ത് വേണ്ട രീതിയിൽ പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കുകയും വേണമെന്ന് ആമുഖമായി ഞാൻ പറയുകയാണ്. നടപ്പ് സാമ്പത്തിക വർഷം കർഷകത്തൊഴിലാളി പെൻഷൻ വിതരണത്തിനായി വക കൊള്ളിച്ചിരുന്നത് 37.2 കോടി രൂപയാണ്. ഇതിൽ 30-6-1999 വരെയുള്ള പെൻഷൻ നൽകിയിട്ടുണ്ട്. ഇപ്പോൾ രണ്ട് ഗഡു പെൻഷൻ കുടിശ്ശികയായിട്ടുണ്ട്. ഇതിന് 24 കോടി രൂപ അധികമായി വേണ്ടി വരും. കർഷകത്തൊഴിലാളി പെൻഷൻ അനുവദിക്കുന്നത് തദ്ദേശ ഭരണസ്ഥാപനങ്ങളാണ്. ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ള തുക സർക്കാർ നിർദ്ദേശമനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വീതിച്ച് കൊടുക്കുന്ന ചുമതലയാണ് തൊഴിൽ വകുപ്പിനുള്ളത്. ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾക്കൊള്ളിച്ചിരുന്ന കേരളകർഷക തൊഴിലാളി ക്ഷേമ നിധി ബോർഡിന്റെ വിഹിതമായ പത്ത് കോടി രൂപ മാർച്ചിലെ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുകയാണ്. ഭൂവുടമാവിഹിതം പിരിക്കുന്നത് റവന്യൂ വകുപ്പ് മുഖേനയാണ്. 1999 ഒക്റ്റോബർ മാസംവരെ തൊണ്ണൂറ്റിയാറ് ലക്ഷത്തി ഇരുപത്തിയേഴായിരത്തി ഇരുന്നൂറ്റി മുപ്പത് രൂപ ഭൂവുടമാവിഹിതമായി പിരിഞ്ഞ് കിട്ടിയിട്ടുണ്ട്. കർഷക തൊഴിലാളി ക്ഷേമ നിധി പദ്ധതി പ്രകാരം തൊഴിലാളി വിഹിതം അടയ്ക്കേണ്ടത് ജില്ലാ സഹകരണ ബാങ്കുകളിലെ ബന്ധപ്പെട്ട ക്ഷേമനിധി ഓഫീസുകളിലാണ്. എന്നാൽ ജില്ലാ സഹകരണ ബാങ്കുകൾ തൊഴിലാളി വിഹിതം സ്വീകരിക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ വെൽഫയർ ഫണ്ട് ഓഫീസർമാർ വില്ലേജുതലസിറ്റിംഗുകൾ നടത്തി ജില്ലാ ഓഫീസുകളിൽ വച്ചും നേരിട്ടും തൊഴിലാളി വിഹിതം ശേഖരിച്ചു വരുന്നു. വേണ്ടത്ര സ്ഥിരജീവനക്കാരില്ലാത്തതിനാൽ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനും കെട്ടിക്കിടക്കുന്ന ആനുകൂല്യത്തിനുള്ള അപേക്ഷകളിൻമേൽ തീർപ്പുകല്പിക്കുന്നതിനുമായി 14 ഡിവിഷൻ ഓഫീസുകളിൽ 38 എൽ.ഡി. ക്ലാർക്കുമാരെ ദിവസകൂലി അടിസ്ഥാനത്തിൽ നിയമിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.അതൊക്കെ യഥാസമയം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുകയാണ്.

(8) മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ കടൽഭിത്തി നിർമ്മിക്കേണ്ടത് സംബന്ധിച്ച്

ശ്രീ. പി. ജെ. ഫ്രാൻസിസ് : സർ, മാരാരിക്കുളം നിയോജകമണ്ഡലത്തിൽ മാരാരിക്കുളം തെക്ക് പഞ്ചായത്തിലെ 8,9,10 വാർഡുകളിൽ നിരന്തരമായി കടലാക്രമണം നടക്കുന്ന സ്ഥലത്ത് കടൽഭിത്തി കെട്ടണമെന്ന ആവശ്യമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. കേന്ദ്രത്തിന്റെ സഹായം 1992 മുതൽ ഇല്ലാതായിരിക്കുകയാണ്. കേന്ദ്രത്തിന്റെ ധനസഹായമില്ലെന്നുപറഞ്ഞ് കടലാക്രമണം നടക്കാതിരിക്കുകയില്ല. ബഡ്ജറ്റിലുള്ള പണം പോലും കടൽഭിത്തി നിർമ്മാണത്തിന് റിലീസ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തില്ല. കഴിഞ്ഞ കാലങ്ങളിൽ മൺസൂൺ കാലത്തുമാത്രമാണ് കടലാക്രമണം ഉണ്ടായത്. എന്നാൽ ഈ പ്രദേശങ്ങളിൽ ഡിസംബർ മാസത്തിലും ജനുവരി മാസത്തിലും കടലാക്രമണമുണ്ടായി. പട്ടയം ലഭിച്ച പട്ടയഭൂമിയാണ് നഷ്ടപ്പെട്ടത്. വീടുകളും നഷ്ടപ്പെട്ടു. അതുകൊണ്ട് ഏതെങ്കിലും തരത്തിൽ പണം കണ്ടെത്തി അടിയന്തരമായി അവിടെ കടൽഭിത്തി കെട്ടണമെന്ന് ആവശ്യപ്പെടുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : മാരാരിക്കുളം തെക്ക് പഞ്ചായത്തിലെ 8,9,10 വാർഡുകളിലെ തീര

11A.M.] പ്രദേശങ്ങൾ കടലാക്രമണത്തിന് വിധേയമാകുന്ന പ്രദേശങ്ങളിൽ ഒന്നാണ്. ഏകദേശം ഒന്നര കിലോമീറ്റർ ദൂരം കടൽഭിത്തി നിർമ്മിക്കേണ്ടതായിട്ടുണ്ട്. കടലാക്രമണത്തിന് വിധേയമായ നിലവിലുള്ള 480 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ അറ്റകുറ്റ പണികൾ ചെയ്യുന്നതിന് 24 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 7 പണികൾക്കായി മൂന്നു പ്രാവശ്യം ടെണ്ടറുകൾ ക്ഷണിച്ചു, എങ്കിലും കരാറുകാർ ആരും തന്നെ പണി ഏറ്റെടുക്കാൻ മുന്നോട്ടു വന്നില്ല. കൂടിശ്ശികത്തുക കൊടുത്ത് തീർക്കാനുണ്ട് എന്നതാണ് കാരണം. കടൽഭിത്തിയുടെ മെയിന്റനൻസിനുവേണ്ടിയുള്ള പുതിയ പണികൾ ഏറ്റെടുക്കുന്നതിന് നിയന്ത്രണം നിലവിലുള്ളതിനാലും ഈ പണികൾ ഏറ്റെടുക്കാൻ സാദ്ധ്യമാവില്ല. ഈ പ്രദേശത്തെ വി.എൽ.എസ് 106-നും 107-നും ഇടയ്ക്ക് 150 മീറ്റർ നീളത്തിൽ ഭിത്തി പുനർനിർമ്മാണം നടത്തുന്നതിന് 18 ലക്ഷം രൂപ എസ്റ്റിമേറ്റ് തുകയുള്ള 3 പണികൾക്ക് അനുമതി നൽകുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ ഇതിന് നടപടി സ്വീകരിക്കാനാവൂ.

(9) അന്ധകാരനഴിയിലെ ഷട്ടർ അടയ്ക്കാത്തതുമൂലം ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നത് സംബന്ധിച്ച്

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, അന്ധകാരനഴിയുടെ പ്രശ്നം ഇവിടെ ആണ്ടുതോറും പറയാറുള്ളതാണ്. സാധാരണ അവിടെ ഷട്ടർ അടയ്ക്കാറുള്ളതാണ്. ഷട്ടർ ഇടുകയാണെങ്കിൽ മത്സ്യത്തിന് വില കൂടുന്നയവസരത്തിൽ ഷട്ടർ തല്ലിപ്പൊളിക്കുന്നതുമൂലം അവിടെ കടൽ കയറുന്നു. ആ പ്രദേശത്ത് ഏറ്റിറക്കം ഒരുകാലത്തും ഉണ്ടാകുന്നില്ല. ഏറ്റം മാത്രമേ ഉണ്ടാകുകയുള്ളൂ. അതുകൊണ്ടാണ് ഷട്ടർ ഉണ്ടാക്കിയത്. ഷട്ടർ തല്ലിപ്പൊളിച്ച് കഴിഞ്ഞതിനുശേഷം കഴിഞ്ഞ രണ്ട് മൂന്ന് കൊല്ലത്തിന് മുൻപ് അടയ്ക്കാതെ വന്നപ്പോൾ ഒക്റ്റോബറിന് മുൻപ് അത് അടയ്ക്കണമെന്ന് ഹൈക്കോടതി ഒരു നിർദ്ദേശം കൊടുത്തു. കഴിഞ്ഞ കൊല്ലം ഇത് അടച്ചില്ല. ആയിരത്തോളം മണൽ വാരൽ തൊഴിലാളികൾ അവിടെയുണ്ട്. അവർ കഴിഞ്ഞ കൊല്ലം അവിടെ ഭിത്തി കെട്ടാൻ നോക്കി. ഒരു പ്രാവശ്യം അവർ കെട്ടി. അത് കടൽ കയറി പോയതുകൊണ്ട് രണ്ടാമത് കെട്ടിയില്ല. ഈ കൊല്ലം ഇതേവരെ കെട്ടിയടച്ചില്ല. ഏറ്റവും നല്ല തെങ്ങുകൾ അവിടെയാണുള്ളത്. ആ പ്രദേശത്ത്

LIBRARY ARCHIVES Kerala Legislative Assembly